# SAMAGRA PLUS

## വാർഷിക മൂല്യനിർണയം

### ക്ലാസ്സ് 7
### മലയാളം കേരളപാഠാവലി

Time : 2 മണിക്കൂർ Score : 25 മാർക്ക്

**നിർദ്ദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.

2. ആകെ ആറ് പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്, ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള 5 പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

ഗദ്യ ഭാഗം വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ശരിയായ ഉത്തരം ബ്രാക്കറ്റിൽ നിന്നും കണ്ടെത്തി എഴുതുക

പ്രപഞ്ച പ്രതിഭാസങ്ങളുടെ മുമ്പിൽ എന്നും കൂപ്പുകൈകളുമായി വിസ്മയം തുളുമ്പുന്ന കണ്ണുകളോടെ നിന്നു പോയിട്ടുണ്ട് മനുഷ്യൻ. തന്നിൽ വിസ്മയം തീർത്ത കാണാക്കാഴ്ചകളുടെ പൊരുൾ അറിയാനുള്ള അദമ്യമായ ആവേശം അവന്റെയുള്ളിൽ എന്നും തിരയടിച്ചിട്ടുണ്ട്. മഴ പൊഴിയുമ്പോഴും, കാറ്റ് മുളങ്കാടുകളെ കുലുക്കിയുയർത്തിയോടുമ്പോഴും, പുഴ ചിലങ്ക കെട്ടി ഒഴുകുമ്പോഴും, ആകാശത്ത് വിടരുന്ന അനന്തകോടി നക്ഷത്രങ്ങൾ ദീപാവലികൾ തീർക്കുമ്പോഴും വിടർന്ന കണ്ണുകളുമായി മനുഷ്യൻ നിന്നു പോയിട്ടുണ്ട്, അപ്പോഴും അങ്ങകലെ അമ്പിളിക്ക് ഒരു നാടുണ്ടെന്നും അവിടത്തെ കാഴ്ചകൾ കാണണമെന്നും മോഹിച്ചിരുന്നു അവൻ. അത്തരം ഒരു സ്വപ്നത്തിന്റെ സാക്ഷാത്കാരമായിരിക്കാം പിൽക്കാലത്തെ ചാന്ദ്രയാത്രകൾക്കു പിന്നിൽ. മുന്നിൽ വിടരുന്ന ഈ കാഴ്ചകളെ കാർഷിക ജീവിതത്തിന്റെ ഭാവനകളിലൂടെ നോക്കിക്കാണാൻ അക്ഷരമറിയാത്ത പഴയ കർഷകർക്ക് കഴിഞ്ഞിരുന്നു എന്നതിന്റെ തെളിവുകൾ നാടൻ പാട്ടുകളായി നമ്മുടെ മുന്നിലുണ്ട്.

1, മനുഷ്യൻ കൂപ്പു കൈയ്യുമായി വിസ്മയം തുളുമ്പുന്ന കണ്ണുകളോടെ നിന്നിട്ടുള്ളത് എന്തിനു മുന്നിലാണ്?
(ദേവാലയത്തിനുമുന്നിൽ, പ്രപഞ്ച വിസ്മയങ്ങളുടെ മുന്നിൽ , ആധുനിക സാങ്കേതിക വിദ്യയ്ക്കു മുന്നിൽ )

2, എങ്ങനെയാണ് പുഴ ഒഴുകുന്നത്?
(മുളങ്കാടുകളെ കുലുക്കി , ദീപാവലികൾ തീർത്ത്, ചിലങ്ക കെട്ടി )

3, അമ്പിളിക്ക് ഒരു നാടുണ്ടെന്നും അവിടത്തെ കാഴ്ചകൾ കാണണമെന്നും മോഹിച്ച മനുഷ്യൻ ആ സ്വപ്ന സാക്ഷാൽക്കാരത്തിനായി പോയത് എവിടേക്ക്?
(ചന്ദ്രയാത്രയ്ക്ക്, കപ്പൽ യാത്രയ്ക്ക്, വ്യോമയാത്രയ്ക്ക്)

4, കിനാവ് എന്ന വാക്കിന് പകരം കൊടുക്കാവുന്ന പദം ഏത്?
(സത്യം, സ്വപ്നം, സ്നേഹം)

5, മുന്നിൽ വിടരുന്ന കാഴ്ചകളെ കാർഷിക ജീവിതത്തിന്റെ ഭാവനയിലൂടെ നോക്കാനായി അക്ഷരമറിയാത്ത പഴയ കർഷകർക്ക് കഴിഞ്ഞിരുന്നു എന്നതിന്റെ തെളിവായി നമ്മുടെ മുന്നിലുള്ളത് എന്താണ്?
(നാടൻ കലകൾ, നാടൻപാട്ട്, ശാസ്ത്രീയ തെളിവുകൾ)

**പ്രവർത്തനം-2 (എ) കഥാപാത്ര നിരൂപണം**

മജീദ് മജീദിയുടെ "സ്വർഗത്തിലെ കുട്ടികൾ " എന്ന സിനിമ നിങ്ങൾ കണ്ടില്ലേ? ആ പാഠഭാഗത്തിലെ കേന്ദ്ര കഥാപാത്രമായ അലിയെ നിങ്ങൾക്കിഷ്ടമായില്ലേ? അലിയുടെ സ്വഭാവം, രൂപം, കഥയിലെ സ്ഥാനം എന്നിവ ഉൾപ്പെടുത്തി ഒരു കഥാപാത്ര നിരൂപണം തയ്യാറാക്കൂ

**( ബി )** പൂർണ്ണമായ ആശയം കിട്ടുന്ന രീതിയിൽ വാക്യം ശരിയാക്കി എഴുതുക.

ആ കുട്ടി പിതാവ് ഒരു അന്ധയാചകനാണ്

**പ്രവർത്തനം - 3 – (എ) ആസ്വാദനക്കുറിപ്പ്**

**നക്ഷത്രവും പൂവും**

നക്ഷത്രമൊന്നിനെക്കാട്ടി - വാനം
മുക്കുറ്റിയോടു ചോദിച്ചു
ഉണ്ടോ ഒരെണ്ണമിവ്വണ്ണം - നിന
ക്കെന്നോടു മത്സരം കൂടാൻ
താണുപോയല്ലോ ശിരസ്സ് - ചെടി
യ്ക്കീറനായല്ലോ മിഴികൾ
ഇല്ലായ്മ സമ്മതിക്കുമ്പോൾ - വേറെ
വല്ലായ്മയെന്തുള്ളൂ പാരിൽ
അന്നേരമുണ്ടാശിരസ്സിൽ - ഒരു
കുഞ്ഞു പൂവിന്റെ വിരിയൽ
രത്നം പതിച്ചതു പോലെ - അതിൻ
കാന്തിയെങ്ങും ചിതറുന്നു
കണ്ണഞ്ചുമാറായി വ്യോമം - മണ്ണിൽ
ഇത്രയുണ്ടാവുമോ ചന്തം
നക്ഷത്രമെത്ര നിസ്സാരം ഇതാ
ഭൂമിയിലെ പൊന്നു താരം
അത്രയും താഴ്മയിൽനിന്നേ - വരൂ
ഇത്രയ്ക്കഴകു പൂവിന്നും

**വീരാൻ കുട്ടി**

കുമ്മാട്ടി എന്ന കവിതയിൽ കുമ്മാട്ടിയുടെ വരവിനെ കവി വർണ്ണിച്ചിരിക്കുന്നത് നിങ്ങൾ കണ്ടില്ലേ? ഇവിടെ തന്നിരിക്കുന്ന കവിതയിൽ മുക്കുറ്റിപ്പൂവിനെ വർണ്ണിച്ചിരിക്കുന്നതു നോക്കൂ. ഈ കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കൂ.....

**( ബി )** മച്ച് എന്ന പദം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

( പല്ലക്ക്, കട്ടിൽ, തട്ട് )

**പ്രവർത്തനം - 4 - ( എ ) വർണ്ണന**

കിളി അയാളോട് സംസാരിക്കുന്നു എന്ന പാഠഭാഗത്തിലെ കുടുംബനാഥൻ തന്റെ ഒറ്റപ്പെടലിൽ നിന്ന് രക്ഷപ്പെടുന്നതിനായി കിളിയോടൊപ്പം പ്രകൃതിയിലേക്കിറങ്ങി ആശ്വാസം കണ്ടെത്തുന്നു. അതുപോലെ നിങ്ങളുടെ ജീവിതത്തിലും മനസ്സിന് കുളിർമയേകുന്ന കാഴ്ചകൾ കണ്ടിട്ടില്ലേ മനസ്സിൽ മായാതെ നിൽക്കുന്ന അത്തരമൊരു പ്രകൃതി ദൃശ്യത്തെ വർണ്ണിക്കുക

**( ബി ) ഒറ്റപ്പദമാക്കുക..**

മാതൃക :മരത്തിന്റെ കൊമ്പ് = മരക്കൊമ്പ്

പുഴയുടെ ഓരം = .................

**പ്രവർത്തനം - 5 – ( എ ) വിശകലനക്കുറിപ്പ്**

ചെറു തിരയിൽ തെളിയും വലിയൊരു ലോകം എന്ന പാഠഭാഗത്ത് നിരവധി ആധുനിക സാങ്കേതിക വിദ്യകൾ നാം പരിചയപ്പെട്ടല്ലോ ? അവയിൽ നമ്മുടെ നിത്യ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറിയ മൊബൈൽ ഫോണിന്റെ ഗുണ ദോഷങ്ങളെ വെളിപ്പെടുത്തുന്നതാണ് ഈ കാർട്ടൂണുകൾ





കാർട്ടൂൺ വിശകനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

**( ബി )** മനുഷ്യന്റെ ചിന്താശേഷിയും പെരുമാറ്റവും അനുകരിക്കാൻ കഴിയുന്ന നൂതന സാങ്കേതികവിദ്യ ഏത്?

(കമ്പ്യൂട്ടർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് , ഇന്റർനെറ്റ്)

**പ്രവർത്തനം - 6  - പത്രവാർത്ത**

ഭൂമിക്കു വേണ്ടിയൊരു ലാവണ്യ ദൃശ്യോത്സവം എന്ന പാഠഭാഗം നമ്മൾ പഠിച്ചല്ലോ ? പ്രകൃതി ഒരുക്കിയ ഒരു പുഷ്പോത്സവം തന്നെയായിരുന്നു അത് .കാർഷിക ക്ലബിന്റെ ആഭിമുഖ്യത്തിൽ അപ്പുവിന്റെ വിദ്യാലയത്തിലും ഒരു പുഷ്പോത്സവം സംഘടിപ്പിക്കുന്നു അതിനായി അവർ ഒരു നോട്ടീസ് തയ്യാറാക്കി

**പുഷ്പോത്സവം**

സുഹൃത്തേ ,

ഗവൺമെന്റ് യു.പി സ്കൂൾ പെരുവണ്ണാപുരത്തെ വിദ്യാർത്ഥികൾ തങ്ങൾ വീട്ടിൽ വളർത്തിയ പൂച്ചെടികളും , ഫലവൃക്ഷത്തൈകളും അണിനിരത്തിക്കൊണ്ട് വർണ്ണാഭമായ ഒരു പുഷ്പോത്സവം സംഘടിപ്പിക്കുന്നു

തിയ്യതി 15-2-2025

സമയം 10. എ എം

വേദി : സ്കൂൾ അങ്കണം

ഉദ്ഘാടനം : പഞ്ചായത്ത് പ്രസിഡന്റ്

മുഖ്യാതിഥി: പരിസ്ഥിതി പ്രവർത്തകൻ എൻ.എ നസീർ

എല്ലാ രക്ഷിതാക്കളേയും നാട്ടുകാരേയും ക്ഷണിക്കുന്നു

പെരുവണ്ണാപുരം
10-2-2025 കൺവീനർ കാർഷിക ക്ലബ്

പിറ്റേ ദിവസത്തെ പത്രങ്ങളിൽ പുഷ്പ്പോത്സവത്തിന്റെ വാർത്ത വന്നു . നിങ്ങൾ ആ പത്രവാർത്ത തയ്യാറാക്കൂ

**(ബി )** ചിന്ന മുണ്ടി എന്ന കഥാസമാഹാരം ആരുടെ കൃതിയാണ് ?

( പി.കെ പാറക്കടവ്, അംബികാസുതൻ മാങ്ങാട്, കാവാലം നാരായണ പണിക്കർ )

# വാർഷിക മൂല്യനിർണയം 2025

## കേരളപാഠാവലി- മലയാളം - STD VII

സമയം -2 മണിക്കൂർ

| ചോദ്യം | ഉത്തരസൂചിക | സ്കോർ | ആകെ |
|---|---|---|---|
| 1 | പ്രപഞ്ച വിസ്മയങ്ങളുടെ മുന്നിൽ | 1 | 5 |
| | ചിലങ്ക കെട്ടി | 1 | |
| | ചന്ദ്രയാത്രയ്ക്ക് | 1 | |
| | സ്വപ്നം | 1 | |
| | നാടൻപാട്ട് | 1 | |
| 2 | കഥാപാത്രത്തെ വിശകലനം ചെയ്ത് രൂപ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട് . | 1 | 5 |
| | കഥാപാത്രത്തിന് കഥയിലുള്ള സ്ഥാനം , ജീവിത വീക്ഷണം എന്നിവ തെളിവുകൾ സഹിതം വിശകലനം ചെയ്തിട്ടുണ്ട് . | 1 | |
| | കഥാപാത്രത്തിൻറെ സാമൂഹിക പ്രസക്തി കണ്ടെത്തിയിട്ടുണ്ട് . | 1 | |
| | സ്വന്തം അഭിപ്രായങ്ങൾ ആകർഷകമായ ഭാഷയിൽ (ഘടന, സവിശേഷപ്രയോഗങ്ങൾ , ശൈലി )അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| ബി | ആ കുട്ടിയുടെ പിതാവ് ഒരു അന്ധയാചകനാണ് . | 1 | |
| 3 | കൃതി ,കർത്താവ് ,വിഭാഗം തുടങ്ങിയ പ്രസക്ത വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് . | 1 | 5 |
| | വായിച്ച ഭാഗത്തെക്കുറിച്ച് ഭാഷാഘടന ,പ്രയോഗങ്ങൾ, ശൈലികൾ എന്നിവയുടെ സഹായത്തോടെ ആകർഷകമായി അവതരിപ്പിച്ചിട്ടുണ്ട് . | 1 | |
| | സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | വായിച്ച ഭാഗത്തിന്റെ സൗന്ദര്യതലം സമകാലിക പ്രസക്തി എന്നിവ യുക്തിപൂർവ്വം അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| ബി | തട്ട് | 1 | |

| ചോദ്യം | ഉത്തരസൂചിക | സ്കോർ | ആകെ |
|---|---|---|---|
| 4 | കാഴ്ചയുടെ സൗന്ദര്യത്തെ മനോഹരമായി അവതരിപ്പിച്ചിട്ടുണ്ട് | 1 | 5 |
| | മുന്നനുഭവങ്ങളെയും ഉദാഹരണങ്ങളെയും ഉൾക്കൊള്ളിച്ച് വർണ്ണനാനുഭവം ഒരുക്കുന്നുണ്ട്. | 1 | |
| | കാഴ്ചയുടെ വിശദാംശങ്ങൾ ഭാവനാംശം കലർത്തി അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | വാക്യഘടന ചിഹ്നം ഇവ പാലിച്ച് അക്ഷരശുദ്ധിയോടെ എഴുതിയിട്ടുണ്ട് | 1 | |
| ബി | പുഴയോരം | 1 | |
| 5 | ആശയങ്ങൾ കണ്ടെത്തി പൂർവാപരബന്ധത്തോടെ അവതരിപ്പിച്ചിട്ടുണ്ട്. | 1 | 5 |
| | ആശയത്തെ യുക്തിപൂർവ്വം വിശകലനം ചെയ്തിട്ടുണ്ട് . | 1 | |
| | രചനയിൽ പുതുമയും വൈവിധ്യവും ഉണ്ട് . | 1 | |
| | സ്വന്തമായ ഭാഷാ ശൈലി സവിശേഷതകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട് . | 1 | |
| ബി | ആർട്ടിഫിഷ്യൽ ഇൻറലിജൻസ് | 1 | |
| 6 | തലക്കെട്ട് | 1 | 5 |
| | വിഷയാവതരണം | 1 | |
| | വിശകലനം | 1 | |
| | റിപ്പോർട്ട് - ഭാഷ, വാചാലത, പ്രസക്തി | 1 | |
| ബി | അംബികാസുതൻ മാങ്ങാട് | 1 | |